(എഫ്) വാഴതി സ്കീംകൊണ്ട് വടക്കാഞ്ചേരിയിലെ ഭൂമിയിലെ ഉണക്കം തീക്കാവുന്നതിനു് ഉതകുമോ എന്നു് അന്വേഷിച്ചിട്ടുണ്ടോ;

(ജി) അങ്ങിനെ ഉതകുമെങ്കിൽ എത്ര ഏക്കർ സെൻറ് ഭൂമികളാണു് രക്ഷിക്കുക എന്നും ആ ഭൂമികളുടെ ജന്മികളാരാണെന്നും പറവാൻ ദയവുണ്ടാകുമോ?

മരാമത്തും ഗതാഗതവും കൃഷിയുംവകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) വടക്കാഞ്ചേരിയിൽ ഫ.

(ബി) വടക്കാഞ്ചേരി സ്കീം.

(സി) ഈ സ്കീമിൽ ന൩, ൫ ൭, ൦ ൦ ൦ രൂപയാണു് എസ്റ്റിമേറ്റ് ചെയ്തിട്ടുള്ളതു്.

(ഡി) വടക്കാഞ്ചേരി സ്കീമിനാണു്.

(ഇ) ഫ ൫ ൫ ഏക്കർ ഇരുപ്പൂനിലവും ൪൩ ഏക്കർ ഒരുപ്പൂനിലവും അകപ്പെടുത്തേണ്ടതായി വരും. ഉദ്ദേശം ഫ ൫ ൦ ടൺ നെല്ലിൻറെ കുറവു് ഇതുമൂലം വരും.

(എഫ്) ഉണ്ടു്.

(ജി) ഫ ൦, ൦ ൦ ൦ ഏക്കർ ഭൂമികളുടെ ഉണക്കു് തീക്കാമെന്നു് വിചാരിക്കുന്നു. ജന്മികൾ ആരാണെന്നു അറിവില്ല.

വെറ്ററിനറി ഡയറക്ടർ

* ൪൪൨. (ഫ൨) ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ആഗ്രിക്കൾച്ചറൽ ആൻറ് വെറ്ററിനറിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

മരുന്നുകൾ കിട്ടാതെ കിട്ടിയതായി സ്റ്റോക്കിൽ വരവുകാണിച്ചും അനുവാദം കൂടാതെ സെൻട്രൽ മെഡിക്കൽ സ്റ്റോറിൽനിന്നും മരുന്നുകൾ വാങ്ങി ദുരുപയോഗപ്പെടുത്തുകയും ചെയ്തതിനു് കൊച്ചി ഗവൺമെണ്ടിൽനിന്നും ഇപ്പോഴത്തെ വെറ്ററിനറി ഡയറക്ടർ കൊച്ചിയിൽ ഉദ്യോഗത്തിൽ ഇരുന്നപ്പോൾ ശിക്ഷിച്ചിട്ടുള്ളതായി ഗവൺമെണ്ടിനറിയാമോ?

മരാമത്തും ഗതാഗതവും കൃഷിയുംവകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): അറിയാം.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: എന്തു കുറ്റത്തിനാണു് ശിക്ഷിച്ചിട്ടുള്ളതെന്നു് പറയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: സ്റ്റോർസംബന്ധമായ ചില നടപടി പിശകുകൾക്കാണു്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: എത്ര പ്രാവശ്യം ശിക്ഷിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ: ഇ. ജോൺ ഫിലിപ്പോസ്: ഒരു പ്രാവശ്യമേ ശിക്ഷിച്ചിട്ടുള്ളൂ എന്നാണു് ഗവൺമെണ്ടിൻറെ അറിവു്.

ஸ்ரீ. எ. சிதம்பரநாத நாடார்: இந்த Asst. Veterinary Director -ன் பேரில் ஏதாவது புகார்கள் வந்ததுண்டா?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ചില പരാതികൾ ഉണ്ടു്.

ஸ்ரீ. எ. சிதம்பரநாத நாடார்: அவர் பேரில் ஏதாவது நடவடிக்கைகள் எடுக்கப்பட்டிருக்கிறதா?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അദ്ദേഹത്തിന്റെ പേരിലും നടപടി എടുക്കേണ്ട ആവശ്യം വന്നിട്ടുണ്ട്.

ശ്രീ. എ. சிதம்பரநாத நாடார்: சமீபத்தில் இருந்த Asst. Veterinary Director அவர்களை ஜோகூர் ஸ்டேடிலிருந்து டிஸ்மிஸல் வாங்கி வந்தது மந்திரி அவர்களுக்குத் தெரியுமா?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അറിയാൻ പാടില്ല.

ശ്രീ. എ. சிதம்பரநாத நாடார்: சமீபத்தில் இவர் ஏதோ ஒரு குற்றம் செய்ததற்காக இவருக்கு 10 மாதம் சம்பளம் கொடுக்காமலிருந்தது இவ்விஷயத்திற்கு தெரியுமா?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അറിഞ്ഞുകൂടാ.

ശ്രീ. പി. നാണു: ഈ ഡയറക്ടറെ ശിക്ഷിച്ചതിനെ സംബന്ധിച്ചുള്ള ഫയൽ ഇതുവരെയായി ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ആ ഫയൽ ഇപ്പോൾ എന്റെ കൈവശം ഇല്ല.

ശ്രീ. പി. നാണു: ആ ഫയൽ ഗവൺമെണ്ടിന്റെ കൈവശം കിട്ടിയിട്ടുണ്ടോ എന്നാണ് എനിക്കറിയേണ്ടത്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതു നോക്കിയേ പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. പി. നാണു: ആ ഫയൽ അന്വേഷിച്ചു കണ്ടുപിടിക്കാൻ എതെങ്കിലും സി. ഐ. ഡി. ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അറിയാൻ പാടില്ല.

ശ്രീ. പി. നാണു: സംയോജനം നടന്നകാലത്തു തിരുവിതാംകൂർ വിഭാഗത്തിലെ വെറ്ററിനറി ഡയറക്ടർ ആരായിരുന്നു?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അന്നു അങ്ങിനെ ഒരു ഉദ്യോഗം തിരുവിതാംകൂറിൽ ഇല്ലായിരുന്നു.

ശ്രീ. പി. നാണു: അക്കാലത്തു തിരുവിതാംകൂറിലെ വെറ്ററിനറി ഡിപ്പാർട്ട്മെണ്ടിന്റെ മേലുദ്യോഗസ്ഥൻ ആരായിരുന്നു.

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അന്നു് ആ ഡിപ്പാർട്ട്മെണ്ടു് കൃഷിഡിപ്പാർട്ട്മെണ്ടിന്റെ കീഴിലായിരുന്നു. അതുകൊണ്ടു് അതിലേക്കു പ്രത്യേകം ഡയറക്ടർ എന്നൊരു ഉദ്യോഗം ഉണ്ടായിരുന്നില്ല.

ശ്രീ. എ. சிதம்பரநாத நாடார்: இந்த Veterinary டிபார்ட்மென்ட் Agricultural டிபார்ட்மென்டிற்கு கீழ் இருந்துகொண்டிருந்தது என்பது மந்திரி அவர்களுக்குத்தெரியுமா?

ശ്രീ. ഇ. ജാൺ പിലിപ്പോസ്: தெரியும்.

വെറ്ററിനറി ഡയറക്ടർ

*൪൪൩. (൧൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വെറ്ററിനറിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൃശ്ശൂർ വെറ്ററിനറി സ്റ്റോറിൽനിന്നും ഇപ്പോഴത്തെ വെറ്ററിനറി ഡയറക്ടർ അവിടെ ഉദ്യോഗത്തിൽ ഇരിക്കുമ്പോൾ, വളരെ അധികം മരുന്നുകൾ അപഹരിച്ചെടുത്തിട്ടുള്ളതായും പല ആശുപത്രികളിലും മരുന്നുകൊടു

LIBRARY ARCHIVES Kerala Legislative Assembly